national book festival 2012

കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് (08.01.2012)

# ദേശാടനക്കിളികൾ ഒത്തുചേർന്നു, വൈലോപ്പിള്ളിഹാളിൽ

ഒടുവിൽ ആ അവധൂതൻമാരെത്തി, വൈലോപ്പിള്ളിഹാളിൽ... പലപല നാടുകൾ താണ്ടി, പുഴകളും കടലും താണ്ടി കാലാന്തരങ്ങളിലൂടെയുള്ള സഞ്ചാരത്തിനൊടുവിൽ ഒരു നിമിഷത്തിന്റെ വിശ്രമത്തിനായി ആ ദേശാടനക്കിളികൾ ഒരു ചില്ലയിലൊത്തുചേർന്നു. കൊക്കുരുമ്മി, സൗഹൃദം പങ്കിട്ട്... വനാന്തരങ്ങളിലും പുൽമേട്ടിലും ജലപ്പരപ്പിലുമൊക്കെ ചിറകടിയൊച്ച തേടിയലഞ്ഞ് ആകാശത്തിലെ പറവകൾക്കു നേരെ മിഴികൾ പായിച്ച് നടന്ന പറവകളുടെ തോഴൻമാരുടെ സംഗമം പ്രൊഫ.എം.കെ.പ്രസാദ് ഉദ്ഘാടനം ചെയ്തു. കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവത്തിന്റെ ഭാഗമായുള്ള അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിലാണ് പക്ഷിനിരീക്ഷകരുടെ കൂട്ടായ്മ നടന്നത്. കേരളത്തിൽ പക്ഷിനിരീക്ഷണം ഊർജ്ജസ്വലമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ദുചൂഡന്റെ 'കേരളത്തിലെ പക്ഷികൾ' ഒരുകൂട്ടം പക്ഷിഭ്രാന്തൻമാരെ സൃഷ്ടിക്കുമെന്ന ഗ്രന്ഥകാരന്റെ പ്രവചനത്തെ അന്വർത്ഥമാക്കുന്നവിധം അടുത്ത കാലത്തായി കേരളത്തിൽ സമർപ്പണബോധമുള്ള ഒരു കൂട്ടം ചെറുപ്പക്കാർ പക്ഷിനിരീക്ഷണത്തിലേക്ക് കടന്നുവരുന്നുണ്ട്. പക്ഷിനിരീക്ഷകർ നിസ്വാർത്ഥസേവനത്തിലൂടെ സമൂഹത്തിന് വളരെ വിലയേറിയ സംഭാവനയാണ് നൽകുന്നത്. 'കേരളത്തിലെ പക്ഷികൾ' എന്ന പുസ്തകം ആധികാരികവും ഗവേഷണപരവുമാണ്. നമ്മുടെ ജീവിതത്തിനും പരിസ്ഥിതിയ്ക്കും ഉപകാരപ്രദമായ പക്ഷികളെ സമൂഹത്തിന് പരിചയപ്പെടുത്തുകയും അവയുടെ വംശനാശവും ഭീഷണിയും സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുകയും ചെയ്യുന്ന പക്ഷിനിരീക്ഷണഗ്രന്ഥങ്ങളെ ഒരു സവിശേഷ സാഹിത്യശാഖയായി പരിഗണിച്ച് വിദ്യാലയങ്ങളിലും സർവകലാശാലാതലങ്ങളിലുമൊക്കെ പാഠ്യപദ്ധതിയിലുൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. 1956-ൽ ഭൂമിയിൽനിന്ന് അപ്രത്യക്ഷമായെന്ന് കരുതിയിരുന്ന ഒരു പക്ഷിയെ വെടിവെച്ചുവീഴ്ത്തി ടാക്സിഡെർമി ചെയ്ത് ബോംബെയ്ക്ക് അയച്ചുകൊടുക്കാൻ ഇന്ദുചൂഡനെ സഹായിച്ചത് ഞാനായിരുന്നു. ഈ രംഗത്ത് ഇന്ദുചൂഡന്റെ സംഭാവന മഹത്തരമാണ്. മുൻകാലങ്ങളിൽ പക്ഷികളെ നിരീക്ഷിച്ച് വരച്ചെടുക്കുകയായിരുന്നു. ഇന്ന് ഫോട്ടോഗ്രാഫി ഈ രംഗത്ത് ഒരുപാട് സഹായം ചെയ്യുന്നുണ്ട്. പക്ഷിനിരീക്ഷണസംരംഭങ്ങൾ വർഷംതോറുമുള്ള പക്ഷിനിരീക്ഷകരുടെ കൂട്ടായ്മയിൽ മാത്രം ഒതുങ്ങിനിൽക്കാതെ ഇത് സംബന്ധിച്ച വാർത്താപത്രികയും പ്രസിദ്ധീകരണങ്ങളും ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇതിന് നമ്മുടെ സർക്കാരും വന്യജീവി സംരക്ഷണവകുപ്പുമൊക്കെ നടപടിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഭൂമിയുടെ വൃക്കകളെന്ന് ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്ന തണ്ണീർത്തടങ്ങളുടെ സംരക്ഷണം വംശനാശം നേരിടുന്ന പക്ഷികളുടെ സംരക്ഷണത്തിന് ഉപകരിക്കുന്നുണ്ടെന്ന് ആമുഖപ്രഭാഷണത്തിൽ പി.ഒ.നമീർ പറഞ്ഞു. ജലസസ്യങ്ങൾക്കും ജീവികൾക്കും ജീവിക്കാനാവശ്യമായ ചെളി കെട്ടിക്കിടക്കുന്ന നമ്മുടെ കോൾനിലങ്ങൾ അന്താരാഷ്ട്രപ്രാധാന്യമുള്ള ഒരു പക്ഷിമേഖലയാണ്, അദ്ദേഹം കൂട്ടിച്ചേർത്തു.

സി.ശശികുമാറിന്റെ അധ്യക്ഷതയിൽ നടന്ന പക്ഷിനിരീക്ഷകസംഗമത്തിൽ വി.എം.സുധീരൻ, കേരള സാഹിത്യ അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ, സി.എ.എ.ബഷീർ എന്നിവർ സംസാരിച്ചു. കേരളത്തിലെ പ്രമുഖ പക്ഷിനിരീക്ഷകസംഘങ്ങൾ പങ്കെടുത്ത സംഗമത്തിൽ ഡേവിഡ് രാജു, വിവേക് ചന്ദ്രൻ, കെ.എസ്.അനീഷ്, ഷിനോ ജേക്കബ്, എം.സി.താജുദ്ദീൻ, ടോംസ് അഗസ്റ്റിൻ, പി.കെ.രവീന്ദ്രൻ, പി.പി.ശ്രീനിവാസൻ, കെ.ജി.ദിലീപ്, സന്ദീപ്ദാസ്, ഇ.എസ്.പ്രവീൺ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. തുടർന്ന് ഇന്ദുചൂഡനെക്കുറിച്ച് സുരേഷ് ഇളമണും സി.പി.രാജനെക്കുറിച്ച് എം.എൻ.എച്ച്.എസും തയ്യാറാക്കിയ ഡോക്യുമെന്ററികൾ പ്രദർശിപ്പിച്ചു.

ആർ.ഗോപാലകൃഷ്ണൻ
സെക്രട്ടറി & ജനറൽ കൺവീനർ